സ്വകാര്യ ആശുപത്രി മേഖലയിൽ വേറിട്ട മാതൃകയുമായി എയ്മർ ബഡ്ഡി പദ്ധതി

ഇരിങ്ങാലക്കുട: കേരളത്തിന്റെ ആരോഗ്യരംഗത്ത് വേറിട്ട മാതൃകയുമായി എയ്മർ ഹോസ്പിറ്റൽ. ആശുപത്രിയുടെ നേതൃത്വത്തിൽ അഞ്ഞൂറോളം ആരോഗ്യപ്രവർത്തകരെ സ്വന്തം ചെലവിൽ വിദഗ്ധ പരിശീലനം നൽകി സ്വന്തം സ്റ്റാഫുകളായി സജ്ജരാക്കി സമൂഹത്തിലേക്ക് ഇറക്കുകയാണ്. 'എയ്മർ ബഡ്ഡി' എന്ന പേരിൽ നടപ്പിലാക്കുന്ന ഈ പദ്ധതി സ്വകാര്യ ആശുപത്രി മേഖലയിൽ കേരളത്തിലെ തന്നെ ആദ്യ സംരംഭങ്ങളിലൊന്നായി മാറുകയാണ്. ആരോഗ്യസേവനങ്ങൾ ആശുപത്രികളുടെ ചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങാതെ ഓരോ പ്രദേശത്തും പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകരുടെ സാന്നിധ്യം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട അഞ്ഞൂറോളം പേർക്ക് എമർജൻസി കെയർ, സി.പി.ആർ. പരിശീലനം, ഫയർ ആൻഡ് സേഫ്റ്റി, ഇൻഫെക്ഷ്യസ് ഡിസീസ് മാനേജ്മെന്റ്, പ്രാഥമിക ആരോഗ്യപരിചരണം തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകും.

പരിശീലനം പൂർത്തിയാക്കുന്നവരെ എയ്മർ ഹോസ്പിറ്റലിന്റെ ആരോഗ്യപ്രവർത്തകരായി ഉൾപ്പെടുത്തി വിവിധ പ്രദേശങ്ങളിൽ ആരോഗ്യസേവന പ്രവർത്തനങ്ങൾക്കായി വിന്യസിക്കും. ഇതിലൂടെ സാധാരണക്കാർക്ക് ആരോഗ്യബോധവൽക്കരണവും അടിയന്തര സാഹചര്യങ്ങളിൽ പ്രാഥമിക സഹായവും ലഭ്യമാക്കുന്നതിനൊപ്പം പരിശീലനം ലഭിച്ച ഒരു ആരോഗ്യപ്രവർത്തക ശൃംഖലയും രൂപീകരിക്കപ്പെടും.

കേരളത്തിലെ മറ്റ് ആശുപത്രികൾക്കും മാതൃകയാക്കാവുന്ന ഈ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ഇന്ന് വൈകിട്ട് മൂന്നിന് ഇരിങ്ങാലക്കുടയിൽ വെച്ച് ഡിവൈ.എസ്.പി. കെ. എം. ഷാജി നിർവഹിക്കും.

ചടങ്ങിൽ ആരോഗ്യരംഗത്തെ പ്രമുഖരും അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട എയ്മർ ബഡ്ഡിമാരും ആശുപത്രി ജീവനക്കാരും പങ്കെടുക്കും. ഉദ്ഘാടനത്തിന് ശേഷം വൈകിട്ട് നാലിന് ഇരിങ്ങാലക്കുട ഫയർ ആൻഡ് റെസ്ക്യൂ സർവീസിന്റെ നേതൃത്വത്തിൽ അഗ്നിബാധയും മറ്റ് അടിയന്തര സാഹചര്യങ്ങളും നേരിടുന്നതിനുള്ള മോക്ക് ഡ്രിൽ പരിശീലനം നടക്കും. തുടർന്ന് എയ്മർ ഹോസ്പിറ്റലിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരോഗ്യപരിശീലന സെഷനുകളും ഉണ്ടായിരിക്കും. ആശുപത്രിയുടെ വളർച്ചയ്ക്കൊപ്പം സമൂഹത്തിന്റെ ആരോഗ്യസുരക്ഷയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സംരംഭം ആരോഗ്യരംഗത്ത് ജനകീയ പങ്കാളിത്തത്തിന്റെ പുതിയ മാതൃക സൃഷ്ടിക്കുമെന്നാണ് എയ്മർ ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. അബിത് അക്ബർ അറിയിച്ചു.

മിൽമ തിരുവനന്തപുരം യൂണിയൻ പിരിച്ചുവിട്ട ഉത്തരവ് റദ്ദാക്കി

കൊച്ചി: മിൽമ തിരുവനന്തപുരം മേഖലാ യൂണിയൻ ഭരണസമിതി പിരിച്ചുവിട്ട സർക്കാർ ഉത്തരവ് റദ്ദാക്കി ഹൈക്കോടതി. ഭരണസ്മിതി ഉടൻ പുനഃസ്ഥാപിക്കാൻ ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് എ. കെ. പ്രീത എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

ഭരണസമിതി പിരിച്ചുവിട്ട ഡയറി സഹകരണ രജിസ്ട്രാറുടെ നടപടി ശരിവച്ച സിംഗിൾ ബെഞ്ച് ഉത്തരവിനെതിരേ ഭരണസമിതി അംഗങ്ങളായിരുന്ന കെ.കൃഷ്ണൻ പോറ്റി, മണി വിശ്വനാഥ് തുടങ്ങിയവർ നൽകിയ അപ്പീലിലാണ് ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. ശബരിമല നെയ് വിതരണത്തിലെ ക്രമക്കേട് ഉൾപ്പെടെ ചൂണ്ടിക്കാട്ടിയാണ് സർക്കാർ ഭരണസമിതി പിരിച്ചുവിട്ടത്.

തെളിവുനശിപ്പിക്കാൻ സാധ്യതയുള്ളതിനാലാണ് മുൻകൂർ നോട്ടീസ് നൽകാതിരുന്നതെന്നും സർക്കാർ വിശദീകരിച്ചു. നെയ് ക്രമക്കേടിലെ അന്വേഷണത്തിൽ ഭരണസമിതി സഹകരിച്ചതായി കോടതി ചൂണ്ടിക്കാട്ടി. ആവശ്യമായ രേഖകൾ ലഭ്യമാക്കിയതായി നടപടികളിൽ വ്യക്തമാണ്.

അതിനാൽ, തെളിവു നശിപ്പിക്കാൻ ശ്രമിക്കുമെന്ന ആരോപണത്തിന് അടിസ്ഥാനമില്ല. സിംഗിൾ ബെഞ്ച് ഇത് കണക്കിലെടുക്കേണ്ടിയിരുന്നു. സർക്കിൾ സഹകരണ യൂണിയനിലടക്കം ആലോചിക്കാതെ നടപടിയെടുത്ത ഡയറി വകുപ്പ് ഡയറക്ടർ കൂടിയായ രജിസ്ട്രാറുടെ ഉദ്ദേശശുദ്ധിയിൽ സംശയമുണ്ടെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

കേന്ദ്ര അടിസ്ഥാന സൗകര്യ പദ്ധതികൾ പ്രവർത്തനസജ്ജമായി

തൃശൂർ: 19,184 കോടി രൂപയുടെ കേന്ദ്ര അടിസ്ഥാന സൗകര്യ പദ്ധതികൾ പ്രവർത്തന സജ്ജമായതായി ബ്രിക്ക് വർക്ക് റേറ്റിംഗ്സ്. 2026-27 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ കമ്മീഷനിംഗ് മൂല്യമാണിത്. 13,757 കോടി രൂപയുടെ ബക്സർ താപവൈദ്യുത പദ്ധതിയും 5,427 കോടി രൂപയുടെ എൻ.എം.ഡി.സി. സ്റ്റീൽ പൈപ്പ്ലൈൻ പദ്ധതിയുടെ ഒന്നാം ഘട്ടവുമാണ് പ്രധാനമായും പ്രവർത്തനസജ്ജമായത്. ജൂലൈയിൽ 7,402 കോടി രൂപയുടെയും ഓഗസ്റ്റിൽ 3,237 കോടി രൂപയുടെയും പദ്ധതികൾ പൂർത്തിയാക്കിയിരുന്നു.

സെപ്റ്റംബറിൽ പുതുതായി പട്ടികയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ എണ്ണം 83 ആയി ഉയർന്നു. ഇതിൽ 57 പദ്ധതികളും റെയിൽവേ മേഖലയിലേതാണ്. റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന് കീഴിൽ 16 പദ്ധതികളും ഊർജ മന്ത്രാലയത്തിന് കീഴിൽ ഏഴ് പദ്ധതികളും ഉൾപ്പെട്ടു. രണ്ടാം പാദത്തിലെ മൊത്തം പദ്ധതി ചെലവിൽ ഗതാഗത, ലോജിസ്റ്റിക്സ് മേഖല 4853 ശതമാനം വിഹിതവുമായി മുന്നിലെത്തിയപ്പോൾ ഊർജ മേഖല 2932 ശതമാനം വിഹിതം നേടി.

പദ്ധതികൾ പ്രവർത്തനസജ്ജമാകുന്നത് നിർമ്മാണ ഘട്ടത്തിൽനിന്ന് വരുമാനം സൃഷ്ടിക്കുന്ന പ്രവർത്തന ഘട്ടത്തിലേക്കുള്ള പ്രധാന മാറ്റമാണെന്ന് ബ്രിക്ക് വർക്ക് റേറ്റിംഗ്സ് വിലയിരുത്തുന്നു. എന്നാൽ പണമൊഴുക്ക്, കടബാധ്യത തിരിച്ചടയ്ക്കാനുള്ള ശേഷി എന്നിവ പദ്ധതികളുടെ ഉപയോഗനിരക്ക്, കരാർ വ്യവസ്ഥകൾ, പ്രവർത്തന ച്ചെലവ്, ധനസഹായ ഘടന എന്നിവയെ ആശ്രയിച്ചിരിക്കും. സ്ഥിതിവിവരക്കണക്ക്, പദ്ധതി നിർവഹണ മന്ത്രാലയം നിരീക്ഷിക്കുന്ന 1,853 പദ്ധതികളിൽ 2026 സെപ്റ്റംബർ വരെ 17.73 ലക്ഷം കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതികളുടെ പുതുക്കിയ ആകെ ചെലവിന്റെ 47.21 ശതമാനമാണ്.

കോഴിക്കോട് വിമാനത്താവളത്തിൽ കവർച്ചാശ്രമം; സ്വർണവുമായി കടന്ന സംഘം പിടിയിൽ



● പ്രിയങ്ക ● ശ്രീലാൽ ● പ്രിൻസ് ● സുബിത്ത് ● ജാബിർ

മലപ്പുറം: കോഴിക്കോട് വിമാനത്താവളത്തിൽ സ്വർണക്കടത്ത് സംഘത്തെ ആക്രമിച്ച് സ്വർണം തട്ടിയെടുക്കാൻ ശ്രമിച്ച സംഘത്തെ പോലീസ് സാഹസികമായി പിടികൂടി.

ദുബായിൽനിന്ന് 18 പവൻ സ്വർണവുമായി എത്തിയ തലശേരി തിരുവങ്ങാട് സ്വദേശി പ്രിയങ്കയെ (34) നീലബൊലേനോ കാറിൽ കയറ്റി എയർപോർട്ടിൽനിന്ന് അതിവേഗം രക്ഷപ്പെടാനൊരുങ്ങിയ സംഘമാണ് പിടിയിലായത്. സ്വർണം ഏറ്റുവാങ്ങാനെത്തിയ യുവാവ് കാറിനു പിന്നാലെ ഓടുന്നതു കണ്ട് സംശയം തോന്നിയ പോലീസ് സംഘംവാഹനത്തിലും ബൈക്കുകളിലുമായി ഇവരെ പിന്തുടരുകയായിരുന്നു. കരിപ്പൂർ എസ്.എച്ച്.ഒയുടെ നേതൃത്വത്തിൽ പട്രോളിങ്ങിനുണ്ടായിരുന്ന സംഘവും സ്പെഷ്യൽ സ്കാഡും ചേർന്ന് 12 കിലോമീറ്റർ അകലെയുള്ള പുളിക്കൽ ആന്തിയൂർകുന്ന് റോഡിൽ കാർ തടഞ്ഞു. നാട്ടുകാരുടെ സഹായത്തോടെ ബലം പ്രയോഗിച്ചാണു പ്രതികളെ കീഴ്പ്പെടുത്തിയത്. കണ്ണൂർ സ്വദേശികളായ ശ്രീലാൽ, പ്രിൻസ്, സുബിത്ത്, സ്വർണം സ്വീകരിക്കാനെത്തിയ മട്ടന്നൂർ ശിവപുരം സ്വദേശി ജാബിർ എന്നിവരാണു പിടിയിലായത്. ഇവർ നിരവധി കവർച്ചാ കേസുകളിൽ ഉൾപ്പെട്ട കുപ്രസിദ്ധ കുറ്റവാളികളാണെന്ന് പോലീസ് പറഞ്ഞു. സ്വർണവുമായി എത്തിയ പ്രിയങ്കയുടെ പങ്കിനെക്കുറിച്ചും അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

എസ്.ഐ. ശൈലേഷ് കുമാർ, എ.എസ്.ഐമാരായ റീന, കബീർ, സി.പി.ഒ. റിഷാദ്, സ്പെഷ്യൽ സ്കാഡ് അംഗങ്ങൾ എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.

വില നിലവാരം

● സ്വർണ വില താഴ്ന്നു

● വെളിച്ചെണ്ണ
വെളിച്ചെണ്ണ മില്ലിൽ.....25,000
കൊപ്ര.....15,600–15,800

● പിണ്ണാക്ക്
എക്സ്പെല്ലർ.....3,000
പിണ്ണാക്ക് റോട്ടറി.....3,700

● കുരുമുളക്
അൺഗാർബിൾഡ്.....73,700
പുതിയ കുരുമുളക്.....72,700
കുരുമുളക് ഗാർബിൾഡ്.....75,700

● ചുക്ക്
മീഡിയം.....34,000
ചുക്ക് ബെസ്റ്റ്.....36,000

● മഞ്ഞൾ
നാടൻ.....20,000–20,500
സേലംഈറോഡ്..... ഇല്ല
കാഞ്ഞിരകുറു.....1850
അടയ്ക്ക.....35,000
അടയ്ക്ക പുതിയത്.....36,000
പഞ്ചസാര.....5200
മുളക്.....19000
ഉഴുന്ന്.....11,800–12,800
ചെറുപയർ.....10,300–12,300
കടല.....9400
മുതിര.....6700
എള്ള്.....20,000–22,600
മല്ലി.....17000–17500
പച്ചരി നമ്പർ.1.....4600
പുഴുക്കലരി ജയ.....4800

● ജാതിക്ക
തൊണ്ടൻ.....(കിലോ 290–330)
ജാതിക്ക തൊണ്ടില്ലാത്ത്.....580–640
ജാതിപത്രിചുവപ്പ്മഞ്ഞ.....1600–1900
ജാതി ഫ്ളവർ ചുവപ്പ്.....2050–2200
ജാതി ഫ്ളവർ മഞ്ഞ.....2250–2350
ഗ്രാമ്പു.....1000–1200

● കാലടി വിപണി
ജാതിക്കതൊണ്ടൻ-കിലോ.....290–340
ജാതിക്കതൊണ്ടില്ലാത്ത്.....580–640
ജാതിപത്രിചുവപ്പ്മഞ്ഞ.....1600–1900
ഫ്ളവർ ചുവപ്പ്മഞ്ഞ.....2100–2350

● റബർ കൊച്ചി
ആർഎസ്എസ് 5 29,400–29,300
ആർഎസ്എസ് 4 29,800
ഒട്ടുപാൽ 20,800
ലാറ്റക്സ്.....18,600

● സ്വർണം
സ്വർണം പവൻ.....1,04,720
സ്വർണം ഗ്രാം.....13090
സ്വർണം അവധി വ്യാപാരം
ഡിസംബർ.....142728
ഫെബ്രുവരി.....145516

● റബർ ബോർഡ്
● കോട്ടയം
ആർ.എസ്.എസ്.4.....30000
ആർ.എസ്.എസ്.5.....29500
ഐ.എസ്.എൻ.ആർ-20.....28100
ലാറ്റക്സ്.....19550

● കൊച്ചി
ആർഎസ്എസ് 4 30000
ആർഎസ്എസ് 5 29,500

● ബാങ്കോക്ക്
ആർ.എസ്.എസ്. 1.....26594
ആർ.എസ്.എസ്. 2.....26426
ആർ.എസ്.എസ്. 3.....26271
ആർ.എസ്.എസ്. 4.....26187

SUNDARAM HOME — Sundaram Finance Group —
Regd Office: No. 21, Patullos Road, Chennai - 600 002.
Corporate Office: Sundaram Towers, No. 46, Whites Road, Chennai-600014. Ph: 044-2851 5267
Branch Office: "1st Floor, Amritha Towers, Velloorkunnam, Muvattupuzha - 686 673. Phone: 0485 - 281 2906 / 2907

വില്പന നോട്ടീസ്

ചിന്നാൻഷ്യൽ അസറ്റുകളുടെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്ട്, 2002 പ്രകാരവും, സെക്ഷൻ 13(2)നൊപ്പം വായിക്കേണ്ട സെക്ഷൻ 13(12) പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, സുന്ദരം ഹോം ഫൈനാൻസ് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ 28/06/2025 തീയതിയിൽ ഒരു ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിച്ചുമായും, പ്രസ്തുത നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 60 ദിവസത്തിനകം നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന തുക തിരിച്ചടയ്ക്കാൻ വായ്പക്കാരനോടും കൂട്ടുവായ്പക്കാരോടും ആവശ്യപ്പെടുകയും ചെയ്തിരുന്നു. നിയമപരമായ കാലാവധിക്കുള്ളിൽ തുക തിരിച്ചടയ്ക്കുന്നതിൽ വായ്പക്കാരൻ/കാർ പരാജയപ്പെട്ടതിനെ തുടർന്ന്, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ലെ റൂൾ 8 അനുസരിച്ച്, പ്രസ്തുത ആക്ടിലെ സെക്ഷൻ 13(4) പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ താഴെ വിവരിച്ചിരിക്കുന്ന വസ്തുവിന്റെ കൈവശാവകാശം ഏറ്റെടുത്തിരിക്കുന്നു.

താഴെ പറയുന്ന പട്ടികയിൽ കൂടുതൽ വ്യക്തമായി വിവരിച്ചിട്ടുള്ള വസ്തു, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ലെ റൂൾ 8, 9 പ്രകാരം "എവിടെയൊണോ അങ്ങനെയുള്ള അവസ്ഥയിൽ" "എന്ത് നിലയിലാണോ ആ അവസ്ഥയിൽ കൂടാതെ "അവിടെ എന്തെല്ലാമാണോ ആ അവസ്ഥയിൽ" എന്ന നിബന്ധനയിന്മേൽ, യാതൊരുവിധ പ്രതിബാധ്യതകളും ഈടാത്ത അടിസ്ഥാനത്തിൽ പൊതുജനങ്ങളിൽ നിന്നും മുദ്രവെച്ച ടെൻഡറുകൾ 21/12/2026ന്നോ അതിന് മുൻപോ ഉച്ചകഴിഞ്ഞ് 15:00 മണി വരെ ക്ഷണിച്ചുകൊണ്ട് വിലപന നടത്തുന്ന വിവരം ഇതിനാൽ പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ബിഡുകൾ കെ.വൈ.സി രേഖകൾ സഹിതം SPAD വഴി മാത്രം "Authorised officer Sundaram Home Finance Limited, No. 23, 2nd Floor, Cathedral Garden Road, Nungambakkam, Chennai-600034" എന്ന വിലാസത്തിൽ, കവറിന് മുകളിൽ "Offer for Sale of Assets A/c. Mr. Viju A P" എന്ന് രേഖപ്പെടുത്തി 21/12/2026ന് ഉച്ചകഴിഞ്ഞ് 15:00 മണിക്ക് മുൻപായി താഴെ ഒഷിഡിക്കുന്ന ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. 21/12/2026 ന് ഉച്ചകഴിഞ്ഞ് 15:00 മണിക്ക് രേഖപത്രം തുറക്കുന്നതാണ്. ലേലം സ്വീകരിച്ചിട്ടുള്ളവർ 15 ദിവസത്തിനകം ലേലം ഉറപ്പിച്ചതിന്റെ പൂർണതുകയുടെ ബാക്കി തുക അടയ്ക്കേണ്ടതാണ്. മുകളിൽ പ്രസ്താവിച്ചതുപോലെ ബാക്കി തുക നിശ്ചിതപരിധിക്കുള്ളിൽ അടയ്ക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ മുൻകൂർ അടച്ച തുക യാതൊരു അറിയിപ്പും കൂടാതെ കണ്ടുകെട്ടുന്നതാണ്.

വായ്പക്കാരന്റെ സഹ - വായ്പക്കാരന്റെ പേരും വിലാസവും	ജാമ്യകടം (ശ്രദ്ധ)	സ്ഥലത്തിന് നിശ്ചയിച്ചിരിക്കുന്ന കരുതൽ വില	രേഖകൾ പരിശോധിക്കുന്ന സ്ഥലം
ശ്രീ. വിജു എ പി (വാഴപ്പിക്കാരൻ), അഴീക്കലകത്തിൽ, മുനമ്പം, പള്ളിപ്പുറം, പള്ളിപ്പുറം പി.ഒ., ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിന് സമീപം, എറണാകുളം - 683515 ശ്രീ. വിജു എ പി (തൊഴിലുടമ), എ.സി.പി മാനേൾസ്, നമ്പർ 2/239, അഴീക്കലാമിൽ, പള്ളിപ്പുറം പി.ഒ., പള്ളിപ്പുറം, മുനമ്പം, എറണാകുളം - 683515 ശ്രീ. വിജു എ പി (വസ്തു - 1), അഴീക്കലാമിൽ ഹൗസ്, കോട്ടപ്പുറം പി.ഒ., ടി.കെ.എസ് പുരം, കൊടുങ്ങല്ലൂർ, തൃശ്ശൂർ - 680667 ശ്രീമതി. ദിൽന ക്ലീറ്റസ് (സഹ വായ്പക്കാരി), നമ്പർ 3/762, അഴീക്കലാമിൽ ഹൗസ്, മുനമ്പം, ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിന് സമീപം, എറണാകുളം - 683515	**Rs. 1,70,81,442/-** (ഒരു കോടി എഴുപത് ലക്ഷത്തി എൺപത്തിരണ്ടായിരത്തി നാനൂറ്റി നാൽപത്തിരണ്ട് രൂപ മാത്രം) പ്രകാരം 13.11.2025-ന് ഇതിൽ ഉൾപ്പെടുന്നു ഫ്ലാറ്റ് നമ്പർ MTP20250070വ് തുക 1,46,89,078/ + ഫ്ലാറ്റ് നമ്പർ MTP20250076വ് തുക 24,47,364/-) ജാമി പലിശ + നിയമപരമായ ചെലവുകൾ + കോടതി ചെലവുകൾ + അനുബന്ധ ചെലവുകൾ.	**Rs. 93,50,000/-** (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നിരത (ഭൂമിയുടെ 25%	സുന്ദരം ഹോം ഫിനാൻസ് ലിമിറ്റഡ്, ഒന്നാം നില, അമൃത ഭവൻസ്, ഡെഡ്ഡുകുന്നം, മൂവാറ്റുപുഴ - 686 673. ടെൻഡർ തുറക്കുന്ന സ്ഥലം സുന്ദരം ഹോം ഫിനാൻസ് ലിമിറ്റഡ്, 29, ഡെക്കൻഡ് ലീഫ്, കതീഡ്രൽ ഗാർഡൻ റോഡ്,നുങ്കമ്പാക്കം, ചെന്നൈ 600 034. Phone No: 044 4563 5600 ടെൻഡർ തുറക്കുന്ന തീയതി സമയം **21.12.2026 @ 15:30 hrs**

ഈടുവെച്ചിട്ടുള്ള വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ലയിൽ, ഒരൊടുങ്ങല്ലൂർ താലൂക്കിൽ, മേത്തല വില്ലേജിൽ സർവ്വെ നമ്പർ 1062/4/3ൽ ഉൾപ്പെടുന്ന, 6.48 ആർസ് വിസ്തീർണ്ണമുള്ളതുമായ വസ്തുവും അതിലുള്ള എല്ലാ ചിട്ടിംഗുകളും അതുമായി ബന്ധപ്പെട്ട സൗകര്യങ്ങളും. അതിരുകൾ: കിഴക്ക്: അന്നമ്മ ശിവദാസന്റെ വസ്തു വടക്ക്: തെരുപറമ്പിൽ ദർമ്മപാലന്റെ വസ്തു പടിഞ്ഞാറ്: മുനിസിപ്പൽ റോഡ് തെക്ക്: അന്നമ്മ ശിവദാസന്റെ വസ്തു തൃശ്ശൂർ രജിസ്ട്രേഷൻ ഡിസ്ട്രിക്റ്റിലും കൊടുങ്ങല്ലൂർ സബ് രജിസ്ട്രേഷൻ ഡിസ്ട്രിക്റ്റിലും ഉൾപ്പെടുന്നതും, സെയിൽ ഡീഡ് നമ്പർ 1703/2021ൽ കൂടുതൽ വ്യക്തമായും വിശദമായും വിവരിച്ചിട്ടുള്ളതുമായ വസ്തു.

കുറിപ്പ്: വാങ്ങാൻ ഉദ്ദേശിക്കുന്നവർ വസ്തുവിന്റെ രേഖകൾ പരിശോധിച്ച്, വസ്തുവിന്റെ ഉടമസ്ഥാവകാശം, സ്വഭാവം, അവസ്ഥ എന്നിവയെക്കുറിച്ച് സംതൃപ്തി വരുത്തേണ്ടതാണെന്ന് അറിയിക്കുന്നു. വസ്തുവിന്റെ ഉടമസ്ഥാവകാശം അവകാശപ്പെടുന്ന വ്യക്തികൾ ഏതെങ്കിലും തർക്കം ഉണ്ടായാൽ, വിൽപ്പനാനന്തര സ്ഥിതികരണത്തിന് ശേഷം ടീമിന് നൽകില്ല.

ശ്രീ വിജു എ പി യുടെ ഉടമസ്ഥതയിലുള്ള വസ്തു വിൽപനയെയും, ഷൈൻ അക്കൗണ്ട് നമ്പറുകൾ MTP20750070, MTP20750076 എന്നിവയുടെയും വിശദവിവരം നിക്ഷേപകർക്കും വ്യവസ്ഥകൾക്കുമായി ദയവായി താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക:www.sundaramhome.in/uploads/files/sale notice MTP20250070 MTP20250076.pdf

ബഡ്ഡായപ്പെടേണ്ട വ്യക്തി: മിഥുൻ വിശ്വം, ph cell 9961555869

തീയതി: : 05-11-2026

സുന്ദരം ഹോം ഫിനാൻസ് ലിമിറ്റഡിനുവേണ്ടി അധികാരപ്പെട്ട ഓഫീസർ

നഷ്ടപ്പെട്ടു

എന്റെ Kodassery-Elinjipra Service Co-operative Bankലെ (FD Certificate No.1637/21 - Rs. 50,000/-) യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കുക.

രോസി, കുറ്റിപ്പുഴ ഹൗസ്, താഴൂർ, കോടശ്ശേരി 680721, ഫോൺ: 9895031932

NOTICE

My SSLC Book bearing Reg. No. 344751 of March 2020 has been irrecoverably lost during a journey. It is decided to submit an application for the Duplicate SSLC Book before the Secretary to the Commissioner for Government Examinations (in the prescribed form) as per approved procedure. Those who have any objection submit the same before The Secretary, Board of Public Examinations, Pareeksha Bhavan, Poojappura, Thiruvananthapuram within 15 days from the date of this advertisement.

Sd/-
KRITHIKA KRISHNA P U
Pakkath (H), Puthanpalli P O, Thrissur Dt., PIN - 680103

Puthanpalli
05-11-2026

നഷ്ടപ്പെട്ടു

മാർച്ച് 2009 വർഷത്തെ 326271 അഡ്രസ്സിൽ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, പരീക്ഷഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

എന്ന്,
Latheesha T.N., D/o Noushad, Thoduvil House, Koorikuzhi P.O., Kaipamangalam, Thrissur. Pin - 680681.

ബഹുമാനപ്പെട്ട പാലക്കാട് റെന്റ് കൺട്രോളർ (അഡീഷണൽ മുൻസിഫ്) കോടതി, മുനമ്പം
RCP No. 02/2026
എൻ. റോഷ്ന ബീഗം - ഹർജിക്കാരി
ജമീർ. എ. ബി., S/o. എ. കെ. ബഷീർ, Proprietor, WAFA Dresses, T.B റോഡ്, പാലക്കാട് (പി.ഒ), പാലക്കാട് ജില്ല 678001 & ഇപ്പോൾ താമസം No.4, ശ്രീ വത്സം, പറക്കുന്നം, പാലക്കാട് (പി.ഒ), പാലക്കാട് 678001 - എതിർകക്ഷി
ടി എതിർകക്ഷിക്കുള്ള നോട്ടീസ് കംപനം
മേൽ നമ്പർ കേസ് 18/11/2026 തീയതി ഹർ റിപ്പോർട്ടിന് വെച്ചിരിക്കുന്നു. അന്നേ ദിവസം നിങ്ങൾ നേരിട്ടോ അല്ലെങ്കിൽ ഒരു വക്കീൽ മുഖേനയോ ഹാജരായി മുനമ്പം കോടതി ഉത്തരവാണെന്നും, അല്ലാത്തപക്ഷം, നിങ്ങളെ ഏകപക്ഷീയമായി വിധിയുത്തരവാണെന്നും ഇതിനാൽ അറിവുതരുന്നു.
എന്ന്, 2026 ഒക്ടോബർ മാസം 26-ാം തീയതി, ഹർജിക്കാരിയുടെ ഭാഗം അഡ്വക്കേറ്റ്, T.R. ANIL VENUGOPAL

IN THE COURT OF MUNSIFF [Addl.], PALAKKAD
O.S. 643/2024
Plaintiffs - Sivadas & Others
Defendants - 1. Ibrahim Nazar, S/o Sulaiman Muslim aged yrs, residing at Vazhapully House, Akamalakara, Engakkad Village, Telepally Taluk, Trichur District-680589. 2. Jomon Jose, S/o Jose, aged 43 years, Kanjirakkattu House, Mudavaurkara, Vellurkunnam Village, Mudavur Post, Muvattu- puzha, Ernakulam Dist-686669. 3. Jayakumar P.C., S/o Late Chandrasekharan Nair, aged 51 years, residing at Pulakudiputhanpurayil House, Kozhipilly Post, Kothaman-galam, Ernakulam District-686666, 4. Bushra, W/o. Late Ibrahim Nazar, aged 47 years, residing at Vazhapully House, Akamalakan, Engakkad Village, Thalappilly Taluk, Trichur District, 680589.
Defendants 1 to 4 is hereby given notice for the above Suit for eviction of the defendants from the plaint schedule building and for damages for use and occupation which is posted to 07-11-2026. If the defendants has any objection in the same the defendants is directed to appear before the court either directly or through counsel on or before 07-11-2026 at 11 AM otherwise the defendant will be set exparte.
By Order, Dated this the 8th day of June, 2026, Sign. T N Harshan, Advocate, Palakkad

ബാലികയെ പീഡിപ്പിച്ച പ്രതിയുടെ ജാമ്യം റദ്ദാക്കിയ നടപടി ശരിവച്ച് ഹൈക്കോടതി

കൊച്ചി: ഒമ്പതുവയസുകാരിയെ പീഡിപ്പിച്ച കേസിലെ ഒന്നാം പ്രതിയുടെ ജാമ്യം റദ്ദാക്കിയ നടപടി ശരിവച്ച് ഹൈക്കോടതി. കോഴിക്കോട് മേമുണ്ട ചങ്ങരോത്ത് അബ്ദുൽ റഹീഖി (51) ന്റെ ജാമ്യം റദ്ദാക്കിയ കൊയിലാണ്ടി ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി ഉത്തരവാണ് ഹൈക്കോടതി ശരിവച്ചത്.

പോലീസ് കോടതിയിൽ കുറ്റപത്രം നൽകിയ ശേഷമാണ് വിദേശത്തായിരുന്ന പ്രതി നാട്ടിലെത്തിയത്. സമൻസിന്റെ അടി